**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 261** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>ഭക്ഷ്യധാന്യ വിലവർദ്ധനയും പി. ആർ. എസ്. ലോൺ ജാമ്യ വ്യവസ്ഥകളും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. മമ്മിക്കുട്ടി ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** ഓണക്കാലത്ത് സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം ചെയ്യാൻ സർക്കാർ ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കാമോ; പ്രസ്തുത സൗജന്യ ഭക്ഷ്യ കിറ്റിൽ ഉൾപ്പെടുത്തിയ ഓരോ ഇനത്തിന്റെയും അളവും വിലയും വിശദമാക്കാമോ;

**<u>മറുപടി:</u>** 2026 ഓണക്കാലത്ത് AAY വിഭാഗം റേഷൻ കാർഡുകൾക്കും സാമൂഹ്യ ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കും NPI കാർഡുകൾക്കും പഞ്ചസാര, വെളിച്ചെണ്ണ, തുവരപ്പരിപ്പ്, വൻപയർ, കടല തുടങ്ങി തുണി സഞ്ചിയടക്കം 16 ഇനം അവശ്യവസ്തുക്കൾ അടങ്ങിയ കിറ്റാണ് സ.ഉ.(സാധാ)നം.168/2026/F&CS തീയതി 15.07.2026 പ്രകാരം സൗജന്യമായി നൽകിയിട്ടുള്ളത്. റേഷൻകടകൾ വഴി വിതരണം ചെയ്ത ഒരു കിറ്റിന്റെ ഏകദേശ ചെലവ് 854/- രൂപയാണ്. പ്രസ്തുത കിറ്റിൽ ഉൾപ്പെട്ടിട്ടുള്ള ഇനങ്ങളുടെ അളവും വിലയും **അനുബന്ധം** ആയി ചേർക്കുന്നു.

മേൽ ഉത്തരവ് പ്രകാരം സർക്കാർ സപ്ലൈകോയ്ക്ക് അനുവദിച്ച തുക 53 കോടി രൂപയാണ്.

**(ബി)** സംസ്ഥാനത്ത് എത്ര റേഷൻകാർഡുകൾ ഉണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കാമോ; അനർഹമായി മുൻഗണനാ റേഷൻകാർഡുകൾ കൈവശം വെച്ചതായി കണ്ടെത്തിയ കേസുകൾ എത്രയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് നിലവിലുള്ള റേഷൻ കാർഡുകൾ താഴെ സൂചിപ്പിക്കും പ്രകാരമാണ്.

AAY വിഭാഗം - 593408

PHH വിഭാഗം - 3844849

NPNS വിഭാഗം - 3045471

NPS വിഭാഗം - 2074079

NPI വിഭാഗം - 29737

അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വെച്ച 116783 കേസുകൾ കണ്ടെത്തിയിട്ടുണ്ട്.

**(സി)** പൊതുവിതരണ സംവിധാനത്തിലൂടെ നൽകുന്ന ഭക്ഷ്യധാന്യങ്ങൾക്ക് വിലവർദ്ധന ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സാധനങ്ങൾക്കാണ് വിലവർദ്ധിച്ചിട്ടുള്ളത്; വിശദമാക്കാമോ;

**<u>മറുപടി:</u>** പൊതു വിതരണ സംവിധാനത്തിലൂടെ അർഹരായ ഉണഭോക്താക്കൾക്ക് വിതരണം ചെയ്യ ഭക്ഷ്യ ധാന്യങ്ങൾ സൗജന്യമായാണ് വിതരണം ചെയ്യുന്നത്. മറ്റ് വിഭാഗങ്ങളിലെ നോർമൽ റേഷൻ ഇനത്തിൽ റേഷൻ കാർഡ് ഉടമകൾക്ക് വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ വില കേന്ദ്ര/ സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കുകൾ പ്രകാരമാണ് ഈടാക്കുന്നത്. പ്രസ്തുത നിരക്കുകളിൽ സംസ്ഥാന സർക്കാർ മുഖേന പൊതുവായി വിലവർദ്ധനവ് വരുത്തിയിട്ടില്ല.

**(ഡി)** മുൻ സാമ്പത്തിക വർഷത്തെ നെല്ല് സംഭരണത്തിന്റെ മുഴുവൻ തുകയും കർഷകർക്ക് അനുവദിച്ചുകഴിഞ്ഞോ; വിശദമാക്കാമോ;

**<u>മറുപടി:</u>** 2025-26 സാമ്പത്തിക വർഷം സപ്ലൈകോ ആകെ സംഭരിച്ച 5,21,488 മെട്രിക് ടൺ നെല്ലിന്റെ വിലയായ 1518.82 കോടി രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്.

**(ഇ)** സിവിൽ സപ്ലൈസ് സംഭരിച്ച നെല്ലിന്റെ തുക പി. ആർ. എസ്. ലോൺ ആയി നൽകുമ്പോൾ എഴുപത് വയസ്സ് തികഞ്ഞ കർഷകർ ജാമ്യം നൽകേണ്ട ആവശ്യമുണ്ടോ; എങ്കിൽ സർക്കാർ നിർദ്ദേശപ്രകാരമാണോ ഇപ്രകാരം തീരുമാനിച്ചത്; വിശദമാക്കാമോ;

**<u>മറുപടി:</u>** സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിച്ച നെല്ലിന്റെ വില പി.ആർ.എസ്. വായ്പ മുഖേന നൽകുന്നതിന് 70 വയസ്സ് പൂർത്തിയായ കർഷകർ ജാമ്യം നൽകണമെന്ന വ്യവസ്ഥ നിലവിലില്ല. നെൽ കർഷകർക്ക് പി.ആർ.എസ്. വായ്പ അനുവദിക്കുന്ന സാഹചര്യത്തിൽ, വായ്പ അനുവദിക്കുന്ന ബാങ്കിന്റെ നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായി 70 വയസ്സിന് മുകളിലുള്ള കർഷകരുടെ ഭാര്യ, മക്കൾ, കൊച്ചുമക്കൾ തുടങ്ങിയ അടുത്ത ബന്ധുക്കളുടെ പേരിൽ വായ്പ അനുവദിക്കുന്ന രീതി നിലവിലുണ്ട്. ഇത് സർക്കാർ നിർദ്ദേശപ്രകാരമുള്ള വ്യവസ്ഥയല്ല, ബന്ധപ്പെട്ട ബാങ്കിന്റെ പി.ആർ.എസ്. വായ്പാ നിബന്ധനകളുടെ ഭാഗമാണ് അപ്രകാരം വായ്പ അനുവദിക്കുന്നത്. കൂടാതെ, പി.ആർ.എസ്. വായ്പയ്ക്ക് പകരം നേരിട്ട് പണം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്ന 70 വയസ്സിന് മുകളിലുള്ള കർഷകർക്ക്, നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം സപ്ലൈകോ നേരിട്ട് പണം അനുവദിച്ചുവരുന്നുണ്ട്.

**(എഫ്)** കനറാ ബാങ്ക് പ്രസ്തുത ജാമ്യം ആവശ്യപ്പെടാത്തപ്പോഴും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പ്രസ്തുത ജാമ്യ വ്യവസ്ഥ പറഞ്ഞ് കർഷകനെ ബുദ്ധിമുട്ടിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാരുമായി ബാങ്കുകൾ കരാർ ഒപ്പുവയ്ക്കുമ്പോൾ ഉണ്ടാകുന്ന നിബന്ധനകൾ ഒരുപോലെയല്ല പാലിക്കപ്പെടുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** 70 വയസ്സിന് മുകളിൽ പ്രായമുള്ള കർഷകർക്ക് കിത്ത് ആൻഡ് കിൻ (ഭാര്യ, മകൾ, കൊച്ചു മക്കൾ) മുഖേനയല്ലാതെ പി.ആർ.എസ്. വായ്പ അനുവദിക്കുന്ന സാഹചര്യത്തിൽ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ജാമ്യം ആവശ്യപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും പി.ആർ.എസ്. വായ്പ ലഭിക്കാത്ത ഇത്തരം സാഹചര്യങ്ങളിൽ, നെല്ലിന്റെ വില സപ്ലൈകോ നേരിട്ട് കർഷകർക്ക് നൽകിവരുന്നുണ്ട്.

അതാത് ബാങ്കുകളുടെ നിലവിലുള്ള വായ്പാ നയങ്ങളും നിബന്ധനകളും അനുസരിച്ചാണ് പി.ആർ.എസ്. വായ്പ അനുവദിക്കുന്നത്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| ക്രമ നം. | ഇനം | അളവ് | വില (GST & packet charge ഉൾപ്പെടെ) (Rs.) |
|---|---|---|---|
| 1 | പഞ്ചസാര | 1 കിലോഗ്രാം | 45.5 |
| 2 | വെളിച്ചെണ്ണ | 1 ലിറ്റർ | 269 |
| 3 | തുവരപ്പരിപ്പ് | 250 ഗ്രാം | 29 |
| 4 | ചെറുപയർ പരിപ്പ് | 250 ഗ്രാം | 30.25 |
| 5 | വൻപയർ | 250 ഗ്രാം | 22 |
| 6 | കടല | 500 ഗ്രാം | 37 |
| 7 | മിൽമ നെയ്യ് | 100 മി. ലി. | 77 |
| 8 | ശബരി പായസക്കൂട്ട് | 40 ഗ്രാം | 50 |
| 9 | ശബരി ഗോൾഡ് ടീ | 250 ഗ്രാം | 82 |
| 10 | ശബരി പായസം മിക്സ് | 200 ഗ്രാം | 40 |
| 11 | ശബരി സാമ്പാർ പൊടി | 100 ഗ്രാം | 44 |
| 12 | ശബരി മുളക് പൊടി | 100 ഗ്രാം | 29.5 |
| 13 | ശബരി മഞ്ഞൾ പൊടി | 100 ഗ്രാം | 29.5 |
| 14 | ശബരി മല്ലിപ്പൊടി | 100 ഗ്രാം | 24 |
| 15 | ശബരി ഉപ്പുപൊടി | 1 കിലോഗ്രാം | 12.5 |
| 16 | തുണി സഞ്ചി | 1 എണ്ണം | 16 |
| ഒരു കിറ്റിന് ചെലവാകുന്ന ഏകദേശ തുക | | | 837.25 |
| ഒരു കിറ്റിന് വേണ്ടിവരുന്ന ട്രാൻസ്പോർട്ടേഷൻ, കയറ്റിറക്ക് കൂലി ഏകദേശ തുക | | | 16.75 |
| ഒരു കിറ്റിന് ഏകദേശം ചെലവാകുന്ന ആകെ തുക | | | 854 |